1813
28/11/19

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-അട്ടപ്പാടി ഫോറസ്റ്റ് റേഞ്ചിലെ പുതൂർ, അഗളി ഫോറസ്റ്റ് സ്റ്റേഷനിലെ അരളിക്കോണം, കീകാരക്കുണ്ട് എന്നീ റിസർവ്വ് ഫോറസ്റ്റ് ഏരിയകളിൽ ഉണങ്ങിയ മുള മുറിച്ചു മാറ്റുന്നതിനു ലൈസൻസ് നൽകിയതിലെ ക്രമക്കേട് - ശ്രീ.എ.എൽ.സന്തോഷ്, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.കെ.ജെ.ജോസ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.സെൽവരാജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം./115/2018/വനം** തീയതി,തിരുവനന്തപുരം, 12/03/2018

---

പരാമർശം:- (1) 12.08.2013 ലെ വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ9(എസ്.സി 32/13/പികെഡി 20092/13 നമ്പർ കത്ത്

(2) 10.02.2014 ലെ 14268/എ2/2013/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

(3) ശ്രീ.എ.എൽ.സന്തോഷ്, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.കെ.ജെ.ജോസ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.സെൽവരാജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

(4) 15.07.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി7-8858/14 നമ്പർ കത്ത്

**ഉത്തരവ്**

അട്ടപ്പാടി ഫോറസ്റ്റ് റേഞ്ചിലെ പുതൂർ, അഗളി ഫോറസ്റ്റ് സ്റ്റേഷനിലെ അരളിക്കോണം, കീകാരക്കുണ്ട് എന്നീ റിസർവ്വ് ഫോറസ്റ്റ് ഏരിയകളിൽ ഉണങ്ങിയ മുള മുറിച്ചു മാറ്റുന്നതിനു നൽകിയ ലൈസൻസിന്റെ മറവിൽ ഹെവി ഉപകരണങ്ങൾ ഉപയോഗിച്ചു പാറപൊട്ടിക്കൽ, റോഡു

നിർമ്മാണം എന്നീ അനധികൃതവും, നിയമ വിരുദ്ധവുമായ ജോലികൾ നടത്തുന്നുവെന്നും, പാകമായി മുറിച്ച മാറ്റേണ്ട മുളയെ കൂടാതെ പച്ച മുളകളെക്കൂടി മുറിച്ച മാറ്റുന്ന എന്നും ആരോപിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ശ്രീ.ജയപ്രകാശ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 03.05.2013 ന് അട്ടപ്പാടി ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാട് ഒരു മിന്നൽ പരിശോധന നടത്തുകയുണ്ടായി.

2) മിന്നൽ പരിശോധന സമയത്ത് താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

i) Unauthorised absence of Range Forest Officer Sri. A.L. Sanush is noticed by not recording his movement in the movement register.

ii) Subsidy pass No.22,23,24 and 25 were issued on strength of main pass No. 8/12-13 for flowered bamboos in which description of forest product is not written correctly.

iii) At the coupe site large numbers of green bamboos were felled out instead of flowered bamboos.

iv) Using heavy equipment illegally for constructing and widening of roads within the reserved forest area were noticed.

v) Illegal breaking of rocks were noticed at differed parts of coupe road.

vi) No Forest Officials were engaged in watching the activities of the labourers inside the coupe.

3) ഈ ക്രമക്കേടുകൾക്ക് അട്ടപ്പാടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.എൽ.സനൂഷ്, പുതൂർ ഫോറസ്റ്റ് സ്റ്റേഷൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.കെ.ജെ.ജോസ്, ശ്രീ.സെൽവരാജ്, സെക്ഷൻ ഫോറസ്റ്റ്

ഓഫീസർ എന്നിവർ ഉത്തരവാദികളാണെന്നും, ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി കൈക്കൊള്ളുവാനും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1 ) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് ടി ഉദ്യോഗസ്ഥന്മാർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ലഘുശിക്ഷ നൽകുന്നതിനുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക പരാമർശം (2 ) പ്രകാരം സർക്കാർ തലത്തിൽ നൽകുകയുണ്ടായി.കുറ്റപത്രം/കുറ്റാരോപണ പത്രികയ്ക്ക് കുറ്റാരോപിതരായ ഉദ്യോഗസ്ഥർ പരാമർശം (3 ) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു. .ജീവനക്കാരുടെ ഭാഗത്തു നിന്നും സൂപ്പർവൈസറി ലാപ്സ് ഉണ്ടായിട്ടുണ്ട് എന്നതിനാൽ ടിയാന്മാർക്ക് ലഘുവായ ശിക്ഷ നൽകി ഈ അച്ചടക്ക നടപടി തീർപ്പാക്കണമെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്പരാമർശം (4) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. റിസർവ്വ് ഫോറസ്റ്റ് പ്രദേശങ്ങളിൽ നിന്നും ഉണങ്ങിയ മുള മുറിച്ചു മാറ്റുന്നതിനു നൽകിയ ലൈസൻസിന്റെ മറവിൽ അനധികൃതമായി മുളമുറിക്കലും, നിയമവിരുദ്ധവുമായ ജോലികൾ ചെയ്യുന്നുണ്ടോ എന്നും അതുവഴി വനനശീകരണം, സർക്കാർ നഷ്ടം എന്നിവ ഉണ്ടാകുന്നുണ്ടോ എന്നും യഥാസമയം പരിശോധിച്ചു നടപടി സ്വീകരിക്കേണ്ട ചുമതല ടി റേഞ്ചിലെയും, ബന്ധപ്പെട്ട സ്റ്റേഷനിലെയും വനം വകുപ്പുദ്യോഗസ്ഥർക്കാണ്. ഇതു സംബന്ധിച്ചു ടി റേഞ്ചിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് കൃത്യനിർവ്വഹണത്തിൽ അലംഭാവമുണ്ടായതായി സർക്കാർ വിലയിരുത്തുന്നു . കുറ്റപത്രത്തിനു ടിയാന്മാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടി അലംഭാവം ഉണ്ടായതിനു വ്യക്തമായ ന്യായീകരണം സമർപ്പിച്ചിട്ടില്ല . ആയതിനാൽ ടിയാന്മാർ ചെയ്ത കുറ്റത്തിനുള്ള ആനുപാതിക ശിക്ഷയായി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(1)(iii) പ്രകാരം ടിയാന്മാരുടെ ഒരു വാർഷിക വേതന

വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുക എന്ന ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
**ജോയിൻറ് സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എ.എൽ.സന്തോഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,

ശ്രീ.കെ.ജെ.ജോസ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,

ശ്രീ.സെൽവരാജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

ഡയറക്ടർ, വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ